## ചരിത്രം

കോട്ടയം ജില്ലയിലെ മുട്ടുചിറയിൽ സ്ഥിതിചെയ്യുന്ന എയ്ഡഡ് വിദ്യാലയമാണ് ഹോളിഗോസ്റ്റ് ബോയ്സ് ഹൈസ്കൂൾ മുട്ടുചിറ.1979 ജൂൺ 21 സ്കൂൾ പ്രവർത്തനമാരംഭിച്ചു.പാലാ രൂപത വിദ്യാഭ്യാസ ഏജൻസിയുടെ ഭാഗമാണ് ഈ സ്കൂൾ.2003 ൽ സിൽവർ ജൂബിലി ആഘോഷിച്ച സ്കൂളിൽ 2004 ൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചു.2005 മുതൽ തുടർച്ചയായി എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടുന്നത് അക്കാദമിക മികവിന്റെ തെളിവാണ്.

അതിവിശാലമായ കളിസ്ഥലം ഉൾപ്പെടുന്ന മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്.എല്ലാ ക്ലാസ്സ് മുറികളും പ്രൊജക്ടർ,ലാപ്ടോപ്പ്,സ്പീക്കർ,ഇന്റെർനെറ്റ് തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഹൈടെക് ക്ലാസ്സ്മുറികളാണ്.8,9,10 ക്ലാസ്സുകളിൽ 6 ഡിവിഷനുകളിലായ്160 വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

## അക്കാദമിക മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇഗ്ളീഷ് പഠനം അനായാസകരമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കൽ
6. ലബോറട്ടറി നവീകരണം
7. ലൈബ്രറി നവീകരണം
8. ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ

   മൈതാനം-നവീകരണം
9. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
10. പഠനയാത്രകൾ
11. ശില്പശാലകൾ
12. പ്രവർത്തിപരിചയ പരിശീലനം
13. കലാപരിപോഷണം
14. പച്ചക്കറി തോട്ടം
15. ജൈവ പാർക്ക്

16.ഭാഷാ ലാബ്

17. ദിനാചരണങ്ങൾ

18. കായികശേഷി വികസനം
19. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
20. ചോദ്യപേപ്പർ ശില്പശാല
21. ചോദ്യബാങ്ക് നിർമ്മാണം
22. ഐ.ടി പഠനം കാര്യക്ഷമമാക്കൽ
23. ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഐ.ടി -പ്രവർത്തിപരിചയ മേളകൾ
24. ക്ളാസ്സ് പി.ടി.എ കാര്യക്ഷമമാക്കൽ

**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ.<br>എല്ലാ കുട്ടികൾക്കും അനായാസമായി മലയാളം വായിക്കാനും എഴുതാനുമുള്ള ശേഷി ആർജ്ജിക്കൽ | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം<br>ഭാഷാപരമായ പിന്നാക്കാവസ്ഥയുള്ളവർക്ക് പ്രത്യേക ക്ളാസ്സ് | 1 വർഷം | മലയാളം അധ്യാപകർ | |
| എഴുത്ത് രീതി ഉറപ്പിക്കൽ-ലിപി പരിഷ്കരണത്തോടെ നിലവിൽ വന്ന ഉപലിപികളുടെ എഴുത്ത് രീതി ഉറപ്പിക്കൽ | ഉപലിപികൾ പരിചയപ്പെടുത്തൽ<br>പൊതുവായ ഉപലിപികളിൽ എഴുതാൻ പരിശീലനം നൽകൽ | 1 വർഷം | മലയാളം അധ്യാപകർ | |
| എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>ക്ലാസ്സിന്റെ നിലവാരമനുസ്സരിച്ച് പുസ്തകം ലഭ്യമാക്കൽ<br>കുട്ടികൾക്കിണങ്ങുന്ന പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | 1 വർഷം | മലയാളം അധ്യാപകർ | പി.ടി.എ |
| സർഗ്ഗശേഷി വികസനം | കഥ,കവിത,ഉപന്യാസം എന്നിവ എഴുതുന്നതിന് പരിശീലനം<br>ശില്പശാല | 1 വർഷം | മലയാളം അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | പുസ്തകാസ്വാദനം<br>ഇ-വായന | | വിദ്യാരംഗം | |
| പത്രവായന പ്രോത്സാഹിപ്പിക്കൽ | പത്രങ്ങൾ സ്പോൺസർ ഷിപ്പിലൂടെ ലഭ്യമാക്കൽ<br>ഓരോ ക്ലാസ്സിനും ഓരോ പത്രം<br>പ്രധാന വാർത്തകളുടെ അവതരണം | | വിദ്യാരംഗം<br>അധ്യാപകർ | പി.ടി.എ |

## ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസനം | ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഇംഗ്ലീഷ് മാത്രം ഉപയോഗിക്കുക<br>ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ- ഡിബേറ്റ്,സെമിനാർ,പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറി എഴുത്ത് | എല്ലാ ക്ലാസ്സും<br>ആഴ്ചയിലൊരിക്കൽ<br>ആഴ്ചയിലൊരിക്കൽ<br>എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ<br>ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസ്സനം | ഇംഗ്ലീഷ് കഥ,കവിത,ഉപന്യാസം –രചന പരിശീലനം-രചന ക്യാമ്പ് | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്സ് | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |
| വായന പരിപോഷിപ്പിക്കൽ | ലൈബ്രറിയിലെ ഇഗ്ലീഷ് പുസ്തകങ്ങൾ,മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ വായിച്ച് വായനകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |

## ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ ചരിത്രാവബോധമുള്ളവരാക്കുക | ദിനാചരണങ്ങൾ സംഘടിപ്പിക്കുക,ചരിത്ര നായകന്മാരെ പരിചയപ്പെടുത്തൽ | 1 വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക.പൗരബോധം, മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ് പൗരബോധം,സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| മതേതരത്വം,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക.സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക | സംവാദം,പ്രൊജക്ട്,അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളിലേക്ക് ആശയങ്ങൾ എത്തിക്കുക | 1 വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് | |
| ഭൂമിശാസ്ത്രപരമായ മേഖലകളിൽ ആഴത്തിലുള്ള അറിവ് | ഭൂപട വായന അറ്റ്ലസ്,മാപ്പ്,ഗ്ലോബ് എന്നിവ സുപരിചിതമാക്കുന്നു | 1 വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| മണ്ണിനങ്ങൾ,ജലാശങ്ങൾ സമുദ്രങ്ങൾ,കാലാവസ്ഥ എന്നിവ പരിചയപ്പെടുക | ഐ.സി.റ്റി സാധ്യതകൾ,പഠനയാത്രകൾ,മ്യൂസിയങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി സാമൂഹ്യശാസ്ത്രപഠനം നടത്തുന്നു | 1 വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | അക്ഷരം,വ്യാകരണം എന്നിവ | 1 വർ | ലൈബ്രറി | പി.ടി.എ |

| | | | | |
|---|---|---|---|---|
| മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദി ഉപയോഗിക്കുന്നതിനുള്ള ശേഷി നേടുക | ഉറപ്പിക്കുക<br>ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ ലഭ്യമാക്കുക.വായിക്കാൻ പ്രോത്സാഹിപ്പിക്കുക<br>ഹിന്ദിക്ലാസ്സുകളിൽ ഹിന്ദിയിൽ സംസാരിക്കുവാൻ നിർദ്ദേശിക്കുക.<br>ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി | ഷം | യുടെ ചുമതലയുള്ള അധ്യാപിക<br><br>ഹിന്ദി അധ്യാപകൻ | |

**ഉപമേഖല : ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാസ്ത്രാഭിരുചി,നിരീക്ഷണ പാടവം,ശാസ്ത്രകൗതുകം എന്നിവ വളർത്തുക | ജീവിത സാഹചര്യത്തിൽ നിന്നും ശാസ്ത്രവശങ്ങൾ തിരിച്ചറിയുന്നതിനുള്ള അവസരം സയൻ ലാബുകളിൽ ലഘു പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള അവസരം,മോഡൽ നിർമ്മാണം,ലഘു പ്രൊജക്റ്റുകൾ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ഭാവിയിലെ ശാസ്ത്രജ്ഞർ:കുട്ടികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കുക | ശാസ്ത്രമേളകൾ,ശാസ്ത്രശില്പശാലകളുടെ സംഘാടനം പൊതുപ്രശ്നത്തെ അടിസ്ഥാനമാക്കി പ്രോജക്റ്റ് | വർഷത്തിൽ ഒരു തവണ | ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| നൂതന സാങ്കേതികവിദ്യകളും ആശയങ്ങളും വിദ്യാർത്ഥികളിൽ എത്തിക്കുക | നിലവാരമുള്ള ശാസ്ത്രമാസികകളും ബുക്കുകളും ഉൾപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത ശാസ്ത്രലൈബ്രറി<br>സയൻസ് ലാബുകളുടെ ആധുനികവത്കരണം, നൂതന കണ്ടുപിടിത്തങ്ങളുടെ വീഡിയോ പ്രദർശനം ഐ.ടി ലാബ് വഴി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ് | പി.ടി.എ |

**ഉപമേഖല : ഗണിതശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ആശയശേഷി തിരിച്ചറിയൽ | ടെസ്റ്റ് നടത്തി ആവശ്യമായ കുട്ടികൾക്ക് അധികസമയം കണ്ടെത്തി പഠനാവസരം നൽകുക | 2 മാസം | ഗണിതശാസ്ത്ര അധ്യാപകർ | |
| ഗണിതക്രിയകളും ഗുണനപട്ടികയും ഉറപ്പിക്കൽ | സഹപാഠികളുടെ സഹായത്താൽ ആവശ്യമുള്ള കുട്ടികൾക്ക് അടിസ്ഥാന ഗണിതക്രിയകളും ഗുണനപട്ടികയും ഉറപ്പിക്കൽ | 2 മാസം | ഗണിതശാസ്ത്ര അധ്യാപകർ സഹപാഠികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രമന്റ് ബോക്സിലെ ഉപകരണങ്ങൾ കൃത്യമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം | 1 മാസം | ഗണിതശാസ്ത്ര അധ്യാപകർ | |
| ഗണിതരൂപങ്ങൾ,അളവുകൾ പരിചയപ്പെടൽ | ഗണിതലാബ് സന്ദർശനം, വസ്തുക്കൾ പരിചയപ്പെടൽ | 2 മാസം | ഗണിതശാസ്ത്ര അധ്യാപകർ | |
| ഗണിതമേളകളിലെ മികവ് | കുട്ടികളെ മത്സരങ്ങൾക്ക് പ്രാപ്തരാക്കുക | 3 മാസം | ഗണിതശാസ്ത്ര അധ്യാപകർ | |
| ഗണിതലാബ് | ഗണിതലാബിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മിതി | 3 മാസം | ഗണിതശാസ്ത്ര അധ്യാപകർ/ ഗണിതക്ലബ് | പി.ടി.എ |
| ഗണിതചരിത്രവും ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടലും | ദിനാചരണങ്ങൾ,ക്വിസ്,ഗണിതചരിത്ര വായന | 1 വർഷം | ഗണിതശാസ്ത്ര അധ്യാപകർ/ ഗണിതക്ലബ് | |

## ഉപമേഖല :കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | വിവിധമാർഗ്ഗങ്ങളിൽ കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുക. സംഗീതം,നൃത്തം,അഭിനയം,സാഹിത്യം,കവിതാലാപനം,പ്രസംഗം,ഉപകരണസംഗീതം തുടങ്ങി വ്യത്യസ്ത കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | 3 മാസം<br>1 വർഷം | തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർ | പി.ടി.എ |

## ഉപമേഖല :കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ കണ്ടെത്തി താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | 1 വർഷം | കായികപരിശീലനത്തിന്റെ ചുമതലയുള്ള അധ്യാപകൻ | പി.ടി.എ |
| ഗെയിം ഇനങ്ങളിൽ പ്രത്രേക പരിശീലനം | ക്ലാസ്സ് സമയത്തിന് മുമ്പും പിമ്പും ഫുട്ബോൾ,വോളിബോൾ പരിശീലനം | 1 വർഷം | കായികപരിശീലനത്തിന്റെ ചുമതലയുള്ള അധ്യാപകൻ | പി.ടി.എ |

## ഉപമേഖല :പ്രവർത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയ പരിശീലനം | താല്പര്യമുള്ള കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉല്പന്നങ്ങൾ നിർമ്മിക്കൽ.ഇതിനായി വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തൽ | 4 മാസം | എസ്.ആർ.ജി | പി.ടി.എ |

## ഉപമേഖല :സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർ ഷിപ്പുകൾ ഉറപ്പാകും വിധം മത്സരപരീക്ഷ കൾക്ക് പരിശീലനം | NNMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ സ്കോളർഷിപ്പ ഉറപ്പുവരുത്തൽ | 3 മാസം | സയൻസ് അധ്യാപകർ | |

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധപ്പിക്കൽ. കായിക മത്സരങ്ങളിൽ മികവിലേക്കെത്തി | ഫുട്ബോൾ, വോളിബോൾ തുടങ്ങിയവയിൽ പരിശീലനം നല്കൽ. കായികമത്സരങ്ങൾക്കായി പ്രത്യേക പരിശീലനം | എല്ലാ ദിവസവും | കായിക പരിശീലനത്തിന്റെ ചുമത | പി.ടി.എ |

| | | | | |
|---|---|---|---|---|
| ക്കൽ | | | ലയുള്ള അധ്യാപകൻ | |

## ഉപമേഖല :ക്ലാസ്സ് പി.ടി.എ ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്,പോരായ്മകൾ എന്നിവ തിരിച്ചറിയലും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CAPL യോഗം കാര്യക്ഷമമായി നടത്തൽ. കുട്ടികളുടെ പഠനനേട്ടം, പഠനത്തെളിവുകൾ, എത്താതെ പോയ പഠനനേട്ടം എന്നിവ  അവതരിപ്പിക്കൽ | 3 മാസത്തില ൊരിക്കൽ | SRG, ക്ലാസ്സ് ടീച്ചർ | |

## ഉപമേഖല :പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| .ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ജൈവ വൈവിധ്യ പാർക്ക് നിർമ്മിച്ച് പഠനം ജീവിതബന്ധിയാക്കൽ | 6 മാസം | സയൻസ് ക്ളബ് / ഇക്കോ ക്ളബ് | പി.ടി.എ 2000 |
| സ്കുൾ മുറ്റത്തെ പച്ചക്കറി തോട്ടം വിപുലപ്പെടുത്തൽ | സാധ്യമായ എല്ലാ പച്ചക്കറികളും ഉൾപ്പെടുത്തി പച്ചക്കറിത്തോട്ടം നിർമ്മിച്ച് കുട്ടികൾക്ക് | വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനം | കാർഷിക ക്ളബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| | കൃഷിയുടെ പ്രാധമിക പാഠങ്ങൾ നൽകുക | | | |
| ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മിക്കൽ | സ്കൂൾ വളപ്പിലെ വൃക്ഷങ്ങൾ ഉൾപ്പെടുത്തി ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മിക്കൽ | 3 മാസം | സയൻസ് ക്ളബ് / ഇക്കോ ക്ളബ് | |
| വൃക്ഷങ്ങൾ സംരക്ഷിക്കൽ | സ്കൂൾ വളപ്പിലെ വൃക്ഷങ്ങൾ സംരക്ഷിക്കൽ | എല്ലാ ദിവസവും | ഇക്കോ ക്ളബ് | |